LIBRARY ARCHIVES Kerala Legislative Assembly

കല്ലാനോട് സഹകരണ മത്സ്യഹാച്ചറി

182 (2009) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ലിമണ്ഡലത്തിലെ കല്ലാനോട് സഹകരണ മത്സ്യ ഹാച്ചറിയിൽ എന്തെല്ലാം വികസന പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അവയുടെ പുരോഗതി വിശദമാക്കുമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഫിഷറീസ് വകപ്പിന്റെ ഉടമസ്ഥതയിലുള്ള കല്ലാനോട് മത്സ്യഹാച്ചറിയുടെ പുനഃരുദ്ധാരണത്തിന്റെ ഭാഗമായി 410 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകപ്പ് മുഖേനയാണ് നിർവ്വഹിക്കുന്നത്. നിലവിൽ ടി ഹാച്ചറി പെരുവണ്ണാമൂഴി പട്ടികജാതി മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘമാണ് 6-11-1986 മുതൽ പ്രവർത്തിപ്പിച്ചുവരുന്നത്. തുടക്കത്തിൽ മത്സ്യവിത്ത് ഉല്പാദനം നിർവ്വഹിക്കപ്പെട്ടിരുന്നുവെങ്കിലും 25-8-2009 മുതൽ 8-6-2014 വരെ ടി ഹാച്ചറി പ്രവർത്തനരഹിതമായിരുന്നു. ആയതിനാൽ ഫിഷറീസ് വകപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ടി ഹാച്ചറി പ്രവർത്തിപ്പിക്കുന്നതരത്തിലും ഉല്പാദനശേഷി കൂട്ടുന്നതിനുംവേണ്ട അടിസ്ഥാന സൗകര്യങ്ങളായ ജലസംഭരണി, പുതിയ വെർട്ടിക്കൽ കളങ്ങൾ, ബ്രൂഡർ ടാങ്കുകൾ, സെമി നാച്വറൽ പോണ്ടുകൾ, കണ്ടീഷണിംഗ് കുളങ്ങൾ, ഡ്രെയിനേജ് കനാൽ, സെയിൽസ് ഔട്ട്ലെറ്റ് എന്നിവയുടെ നിർമ്മാണം വൈദ്യുതീകരണം തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൊണ്ടോട്ടി മത്സ്യമാർക്കറ്റിന്റെ നവീകരണം

183 (2010) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് : ഇതിന് കേന്ദ്ര ഫണ്ട് ലഭ്യമാണോ എന്ന് വിശദമാക്കുമോ ;

(ബി) ഇതിനകം സംസ്ഥാനത്ത് ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(സി) കൊണ്ടോട്ടിയിലെ മത്സ്യ മാർക്കറ്റ് നവീകരണത്തിനു വേണ്ടി സമർപ്പിച്ച അപേക്ഷയിൻമേൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിന് ദേശീയ മത്സ്യ വികസന ബോർഡ് അംഗീകരിക്കുന്ന തുകയുടെ തൊണ്ണൂറ് ശതമാനം സബ്സിഡിയായിരുന്നു. ഇപ്പോൾ ഈ സഹായം ദേശീയ മത്സ്യ വികസന ബോർഡ് 60:40 അനുപാതത്തിലാക്കി പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) മേൽ ഉൾപ്പെടുത്തിയിട്ടുള്ളവരെ താഴെപ്പറയുന്ന മത്സ്യമാർക്കറ്റുകൾക്ക് ഫണ്ട് അനുവദിച്ചു:

ക്രമ നമ്പർ	ഫിഷ്മാർക്കറ്റ്	അടങ്കൽ തുക (ലക്ഷത്തിൽ)	എൻ.എഫ്. ഡി.ബി. വിഹിതം (ലക്ഷത്തിൽ)	സംസ്ഥാന വിഹിതം (ലക്ഷത്തിൽ)
(1)	(2)	(3)	(4)	(5)
1	കുളത്തൂർ	137.55	117.25	20.3
2	ചിറയിൻകീഴ്	190.05	159.05	31.00
3	പാങ്ങോട്	250.00	225.00	25.00
4	പൂവച്ചൽ	103.58	87.11	16.47
5	കഴക്കൂട്ടം	232.64	195.68	36.96
6	നെടുമങ്ങാട്	238.5	200.6	37.9
7	വെഞ്ഞാറമൂട്	237.04	199.38	37.66
8	കോന്നി	225.75	189.873	35.877
9	പത്തനംതിട്ട	250.00	225.00	25.00
10	പാലമേൽ	174.61	141.372	33.238
11	ചെങ്ങന്നൂർ	103.74	83.99	19.75
12	കുമ്പാറ്റ	196.53	159.12	37.41
13	ഏറ്റുമാനൂർ	345.49	225	120.49
14	വൈക്കം	162.24	146.02	16.22
15	ചങ്ങനാശ്ശേരി	357.76	225.00	132.76

(1)	(2)	(3)	(4)	(5)
16	കോട്ടയം കോടിമാത	240.27	202.00	38.27
17	പള്ളുരുത്തി	230.36	207.324	23.036
18	നോർത്ത് പറവൂർ	250.00	225.00	25.00
19	ആലുവ	250.00	225.00	25.00
20	തേവര	150.00	121.5	28.5
21	മൂവാറ്റുപുഴ	160.00	130.5	29.5
22	കാലടി	239.77	201.67	38.1
23	ഉദയംപേരൂർ	125.62	105.66	19.96
24	മുളംകുരുത്തി	123.41	103.81	19.6
25	കുമിളി	119.71	90.00	29.71
26	തൊടുപുഴ	161.2	135.00	26.20
27	മാള	70.72	63.65	7.07
28	വടക്കാഞ്ചേരി	103.45	87.00	16.45
29	ഇരിങ്ങാലക്കുട	250.00	225.00	25.00
30	പട്ടാമ്പി	237.82	200.00	37.82
31	നിലമ്പൂർ	151.32	136.188	15.132
32	വണ്ടൂർ	112.31	90.00	22.31
33	കൽപ്പറ്റ	148.72	133.848	14.872
34	സുൽത്താൻബത്തേരി	196.56	171.00	25.56
35	പയ്യോളി	115.63	90.00	25.63
36	തലശ്ശേരി	250.00	225.00	25.00
37	കണ്ണൂർ	250.00	225.00	25.00
38	കാസർഗോഡ്	250.00	225.00	25.00
39	പൈക	80.26	67.51	12.75

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന ആധുനിക ശുചിത്വമത്സ്യമാർക്കറ്റ് നിർമ്മാണം നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷമാണ് ആരംഭിക്കുന്നത്. ഇതുപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച 12 മത്സ്യമാർക്കറ്റുകൾക്ക് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ല. പ്രസ്തുത മാർക്കറ്റുകൾക്ക് അംഗീകാരം ലഭിച്ചശേഷം മാത്രമെ പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന സമയം കൊണ്ടോട്ടി മാർക്കറ്റിന്റെകാര്യവും പരിഗണിക്കുന്നതാണ്.

ഉൾനാടൻ മത്സ്യകൃഷി

184 (2011) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജില്ലയിലെ മത്സ്യ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെയും മത്സ്യ കർഷകർക്ക് നൽകിയ ആനുകൂല്യങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വയനാട് ജില്ലയിൽ മത്സ്യസമൃദ്ധി പദ്ധതിയും ആത്മയുമായി സഹകരിച്ച് പടുതകുളം, മത്സ്യകൃഷി പരിശീലനം, പ്രദർശനകുളങ്ങൾ സ്ഥാപിക്കൽ, ഫാംസ്കൂൾ, ഫാർമേഴ്സ് ക്ലബ്ബിന് സ്വന്തമായ കെട്ടിടം തുടങ്ങി വിവിധ പദ്ധതികളും, കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗപ്പെടുത്തി കുളം നിർമ്മിച്ച് മത്സ്യകൃഷി ആരംഭിക്കുന്നതിന് ധനസഹായം, ശാസ്ത്രീയമത്സ്യകൃഷിയിൽ പരിശീലനം മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നു. അലങ്കാര മത്സ്യ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് (NFDB) ആവിഷ്കരിച്ച് പദ്ധതി ഫിർമവഴി നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly